# പതിനാലാം കേരള നിയമസഭ
## (ഒന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:973** **11/07/2016-ൽ മറുപടിയ്ക്ക്**

<u>തീരദേശ വികസന കോർപ്പറേഷൻ</u>

<u>ചോദ്യം</u>

ശ്രീ.എം. വിൻസെന്റ്
ശ്രീ.കെ.മുരളീധരൻ
ശ്രീ.വി.എസ്.ശിവകുമാർ
ശ്രീ.ഹൈബി ഈഡൻ:

<u>മറുപടി</u>

ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി):

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് തീരമേഖലയുടെ സമഗ്ര വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തീരദേശ വികസന കോർപ്പറേഷൻ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; | എ) | സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം, മത്സ്യവിതരണ വിപണനരംഗത്തെ ആധുനികവൽക്കരണം, മത്സ്യത്തൊഴിലാളികളുടെ ഉന്നമനം എന്നിവ പ്രധാന ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നുണ്ട്. സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി, മാതൃകാ മത്സ്യഗ്രാമം പദ്ധതി, ആധുനിക മത്സ്യ മാർക്കറ്റുകൾ നിർമ്മാണം, കടൽസുരക്ഷാ പദ്ധതി, ആഴക്കടൽ മത്സ്യബന്ധന പദ്ധതി, കൃത്രിമപാര് പദ്ധതി, കോൾഡ് ചെയിൻ സംവിധാനം, മൂല്യവർദ്ധിത മത്സ്യഉല്പന്ന നിർമ്മാണം തുടങ്ങിയവയാണ് പ്രധാന പദ്ധതികൾ. |
| ബി) | എന്തെല്ലാം അടിസ്ഥാന സൗകര്യ വികസനമാണ് ഇതിന്റെ ഭാഗമായി ഇവിടങ്ങളിൽ ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) | തീരദേശ വികസന കോർപ്പറേഷൻ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ മത്സ്യഗ്രാമങ്ങളിൽ താഴെപ്പറയുന്ന അടിസ്ഥാന വികസന പ്രവർത്തനങ്ങൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. |

1). 36.22 കോടി രൂപയുടെ 72 കുടിവെള്ള പദ്ധതികൾ

2). 12.77 കോടി രൂപയുടെ 36 വൈദ്യുതീകരണ പദ്ധതികൾ

3). 0.52 കോടി രൂപയുടെ 8 ഫ്ളാറ്റുകൾ

4). 25.28 കോടി രൂപയുടെ 41 സ്കൂൾ കെട്ടിട നിർമ്മാണം

5). 22.16 കോടി രൂപയുടെ 39 ആശുപത്രി കെട്ടിട നിർമ്മാണം.

6). 65.00 കോടി രൂപയുടെ 37 ആധുനിക് മത്സ്യമാർക്കറ്റുകൾ

7). 10.64 കോടി രൂപയുടെ 16 ഫിഷ് ലാന്റിംഗ് സെന്ററുകൾ

8). 5.37 കോടി രൂപയുടെ 27 നെറ്റ് മെന്റിംഗ് യാർഡുകൾ.

9). 1.82 കോടി രൂപയുടെ 4 ഡ്രെയിനേജുകൾ

10). 3.49 കോടി രൂപയുടെ 47 അംഗനവാടികൾ

11). 3.75 കോടി രൂപയുടെ 16 ലൈബ്രറി കെട്ടിടങ്ങൾ

12). 9.82 കോടി രൂപയുടെ 12 ഫിഷറീസ് റോഡുകൾ/കൾവേർട്ട്

13). 0.25 കോടി രൂപയുടെ ഒരു വിമൺ ഷെൽറ്റർ

14). 0.41 കോടി രൂപയുടെ ഒരു കോമൺ ഫെസിലിറ്റി സെന്റർ

15). 0.14 കോടി രൂപയുടെ ഒരു മത്സ്യഭവൻ.

16). 6.39 കോടി രൂപയുടെ 88 ഹൈമാസ്റ്റ്_ലൈറ്റുകൾ/ 2 ഗൈഡ് ലൈറ്റുകൾ

17). 5.75 കോടി രൂപയുടെ 873 വ്യക്തിഗത ടോയ്ലറ്റുകൾ/ 11പബ്ലിക്ക് ടോയ്ലറ്റുകൾ

18). 3.58 കോടി രൂപയുടെ സോളാർ ഡ്രൈയിംഗ് യൂണിറ്റ്/ പ്രൊഡക്ഷൻ യൂണിറ്റ്

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി ലഭിക്കുന്നത്; വിശദമാക്കുമോ? | സി) | തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളിലൂടെ സംസ്ഥാനത്തെ മത്സ്യഗ്രാമങ്ങളിൽ ശുദ്ധജല ലഭ്യത, സമ്പൂർണ്ണ വൈദ്യുതീകരണം, വാസയോഗ്യമായ ഭവനങ്ങൾ, ശുചിത്വ സൗകര്യങ്ങൾ, ആരോഗ്യ-വിദ്യാഭ്യാസ അടിസ്ഥാന സൗകര്യങ്ങൾ, സഞ്ചാര യോഗ്യമായ റോഡുകൾ, മത്സ്യ വിപണനം സുഗമമാക്കുന്നതിന് ആധുനിക മത്സ്യമാർക്കറ്റുകൾ, മറ്റു മത്സ്യമേഖലാ സാമൂഹിക അടിസ്ഥാന സൗകര്യ വികസനം എന്നിവ ഉറപ്പ് വരുത്തുന്നു. |

**സെക്ഷൻ ആഫീസർ**